DESPATCHED
On 05/06/2020
16/3/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


ഹർജി നമ്പർ **AP. 1492*(7)/2014*/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **8438**/എസ്.ഐ.സി-ജി 6/14)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.രാജീവൻ സി.,
കുന്നുമ്മൽ ഹൗസ്,
പാലായി, പി.ഒ.നിർമ്മലഗിരി,
കൂത്തുപറമ്പ് – 670 701.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
കണ്ണൂർ സിറ്റി പോലീസ് സ്റ്റേഷൻ,
കണ്ണൂർ.

2. അപ്പീൽ അധികാരി&
പോലീസ് സർക്കിള ഇൻസ്പെക്ടർ,
പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ കാര്യാലയം,
കണ്ണൂർ സിറ്റി.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.04.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06.05.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 09.05.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 10.06.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 11.06.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.11.2019 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. രാജീവൻ സി.,

10.06.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 11.06.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1492(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി അപൂർണ്ണമാണെന്നും തുടർന്ന് സമർപ്പിച്ച അപ്പീലിന്മേൽ നൽകിയ മറുപടി ഒന്നാം എതിർകക്ഷിയുടെ മറുപടി ശരിവച്ചുകൊണ്ടുള്ളതായിരുന്നുവെന്നും ഒന്നും രണ്ടും എതിർകക്ഷികൾ വിവരങ്ങൾ അനുവദിക്കാതെ ഒഴിവാകുന്നതിനുള്ള കാരണങ്ങൾ ഹർജിക്കാരനെ അറിയിച്ചിരുന്നില്ല എന്നും രണ്ടാം അപ്പീൽ അധികാരിയുടെ വിവരങ്ങൾ അനുവദിച്ചില്ലെന്നും ആകയാൽ വിവരാവകാശ നിയമം വകുപ്പ് 20(1)(2) വകുപ്പു പ്രകാരം ടി ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 14.04.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കണ്ണൂർ സിറ്റി പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ. യുടെ പേര് വിവരങ്ങളും മേൽ വിലാസവും സംബന്ധിച്ച മുഴുവൻ വിവരങ്ങളും നൽകണമെന്നും 03.04.2014ന് മേൽപ്പടി സ്റ്റേഷനിൽ രാവിലെ 11 മുതൽ രാത്രി 7 മണിവരെ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന മുഴുവൻ പോലീസ് ഓഫീസർമാരുടെയും പേരു വിവരങ്ങളും മേൽവിലാസവും നൽകണമെന്നും തുടങ്ങി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 06.05.2014ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 09.05.2014ന് ഒന്നാം അപ്പീൽ സമർപ്പിക്കുകയും ആയതിന് 04.06.2014ന് മറുപടി നൽകിയതായും കാണുന്നു.

4. 19.08.2014ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ സംബന്ധിച്ച രേഖകൾ ടിയാന് രജിസ്റ്റേർഡ് പോസ്റ്റായി അയച്ചുകൊടുത്തിട്ടുണ്ടെന്നാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 10.11.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ലെന്ന് കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ 03.04.2014ൽ ഹർജിക്കാരൻ പരാതി

നൽകിയപ്പോൾ ടിയാന്റെ അപേക്ഷ കീറികളയുകയും കൈയ്യേറ്റം ചെയ്യുകയും തുടർന്ന് 04.04.2014ൽ ടി ദിവസം പ്രസ്തുത സ്റ്റേഷനിൽ ഉണ്ടായിരുന്ന ഓഫീസർമാരുടെ പേര്, അഡ്രസ്സ് എന്നിവയാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിൽ പേരു മാത്രമേ നൽകിയുള്ളുവെന്നും മേൽവിലാസം നൽകിയില്ലെന്നും ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. കൂടാതെ അപ്പീൽ അധികാരിയുടെ വിവരങ്ങൾ നൽകിയില്ലെന്നും എസ്.പി.ഐ.ഒ.യുടെ പേര് നൽകിയിട്ടില്ലെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, പോലീസ് ഉദ്യോസ്ഥരുടെ വീട്ട് അഡ്രസ്സ് അടങ്ങിയ മേൽ വിലാസം സൂക്ഷിച്ച് വെക്കാറില്ലെന്നും സ്റ്റേഷനിൽ സൂക്ഷിച്ചിരിക്കുന്ന രേഖകൾ പ്രകാരം പോലീസ് ഉദ്യോഗസ്ഥരുടെ പേഴ്സണൽ മേൽ വിലാസം ലഭ്യമല്ലെന്നുമാണ്. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയില്ലെന്നുള്ളതും രണ്ടാം എതിർകക്ഷി രണ്ടാം അപ്പീൽ സമർപ്പിക്കേണ്ട വിവരങ്ങൾ നൽകിയില്ലെന്നുള്ളതും ഗുരുതരമായ കൃത്യവിലോപവും ചട്ടലംഘനവുമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആകയാൽ ഇത്തരം വീഴ്ചകൾ സംഭവിക്കാൻ പാടില്ല എന്ന് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ താക്കീതു നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 16–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM